# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3535      15.07.2015 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർ

| ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br><br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരായ എത്ര പേർ നാളിതുവരെ മരണപ്പെട്ടിട്ടുണ്ടെന്നും, ഇതിൽ എത്ര പേരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ? രോഗബാധിതരിൽ എത്ര പേർക്ക് ഇപ്പോഴും തുടർ ചികിത്സ നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | നാളിതുവരെയായി എൻഡോസൾഫാൻ ദുരിതബാധിതരായ 1109 പേർ മരണപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടവരിൽ 667 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ചികിത്സയും, തുടർ ചികിത്സയും ആവശ്യമായി വരുന്ന മറ്റും സൗജന്യമായി നൽകി വരുന്നുണ്ട്. ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ആയുർവേദ, ഹോമിയോ മെഡിക്കൽ കോളേജുകൾ, വിദഗ്ദ ചികിത്സ നൽകാനായി എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ മേഖല ഉൾപ്പെടെയുള്ള 17 ആശുപത്രികൾ, എന്നീ സ്ഥാപനങ്ങൾ വഴിയാണ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ